IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. മലയാള വിവർത്തനശാഖയ്ക്ക് ഡോ. ഹെർമ്മൻ ഗുണ്ടർട്ട്, കേസരി എ. ബാലകൃഷ്ണപിള്ള, അയ്യപ്പപ്പണിക്കർ എന്നിവർ നൽകിയ സംഭാവനകൾ സംക്ഷേപിക്കുക.

33. നവീന വിവർത്തന സിദ്ധാന്തങ്ങൾ - ഉപന്യസിക്കുക.

34. ദളിത്-സ്ത്രീപക്ഷ വിവർത്തനശാഖയെപ്പറ്റി വിശദമാക്കുക.

35. വിവർത്തനത്തിന്റെ പരിമിതികളും വെല്ലുവിളികളും വ്യക്തമാക്കുക.

**(2 × 15 = 30 Marks)**

______________



St. Xavier's College

**(Pages : 4)** **R – 3304**

**Reg. No. : ..............................**

**Name : ..................................**

**Second Semester B.A. Degree Examination, September 2023**

**Career Related First Degree Programme under CBCSS**

**Malayalam and Mass Communications**

**Core Course**

**MX 1231 : വിവർത്തനപഠനവും സംസ്കാരവും**

**(2018 - 2020 Admission)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക.

1. 'A Linguistic Theory of Translation' എന്ന കൃതിയുടെ കർത്താവ്.

2. ആദ്യമായി വിവർത്തന സിദ്ധാന്തം ആവിഷ്ക്കരിച്ച പാശ്ചാത്യപണ്ഡിതൻ.

3. 'പ്രസംഗം' വിവർത്തനം ചെയ്യുന്നതിന് പറയുന്ന പേര്.

4. ഏറ്റവുമധികം വിവർത്തനത്തിന് വിധേയമാക്കപ്പെട്ട കൃതി.

5. "അർത്ഥം മുൻനിർത്തിക്കൊണ്ട് മറ്റൊരു ഭാഷയിലേയ്ക്ക് മാറ്റുന്നതാണ് വിവർത്തനം" - എന്ന് അഭിപ്രായപ്പെട്ടതാര്?

6. 'പൂച്ചയും ഷേക്സ്പിയറും' എന്ന വിവർത്തന കൃതി ആരുടേത്?

7. 'പൗരസ്ത്യദീപം' എന്ന കൃതിയുടെ മൂലഗ്രന്ഥം ഏത്?

8. 'സഞ്ചാരിയുടെ പ്രയാണം' എന്ന കൃതിയുടെ കർത്താവ്.

9. മൂർക്കോത്ത് കുമാരൻ വിവർത്തനം ചെയ്ത കീറ്റ്സിന്റെ കാവ്യം.

10. ഏറ്റവും പഴയ വിവർത്തന മാതൃകയായി കണക്കാക്കപ്പെടുന്ന ശിലാശാസനം.

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും **എട്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

11. വിവർത്തനത്തിന്റെ ഉപകരണങ്ങൾ ഏതൊക്കെ?

12. 'വിവർത്തനം' എന്ന പദത്തിന് തത്തുല്യമായി മലയാളത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ ഏതെല്ലാം?

13. പരിഭാഷയെ കേസരി എ. ബാലകൃഷ്ണപിള്ള എത്രയായി തരംതിരിക്കുന്നു? ഏതെല്ലാം?

14. വിവർത്തകന്റെ യോഗ്യതകൾ നിർണ്ണയിക്കുക.

15. 'പാവങ്ങൾ' എന്ന കൃതിക്കു മലയാളവിവർത്തനചരിത്രത്തിലുള്ള സ്ഥാനമെന്ത്?

16. ഡ്രൈഡൻ ചൂണ്ടിക്കാണിക്കുന്ന വിവർത്തനത്തിന്റെ മൂന്ന് ശൈലികൾ ഏതൊക്കെയാണ്?

17. 'നികഷോപലവാദം' എന്തെന്ന് വിവരിക്കുക.

18. 'ഭാഷാശാസ്ത്രാധിഷ്ഠിത വിവർത്തന സിദ്ധാന്തം' വ്യക്തമാക്കുക.

19. "നാടകവിവർത്തനം കവിതാവിവർത്തനം പോലെ വിഷമമാണ്.. " എന്തുകൊണ്ട്?

20. "നോവൽ, ചെറുകഥ എന്നിവയുടെ വിവർത്തന തത്ത്വം സമാനമാണ്" - കാരണമെന്ത്?



St. Xavier's College

21. 'ഛായാവിവർത്തകർ' ആരാണ്?

22. 'കവിത വിവർത്തനം ചെയ്യുന്നയാളും കവിയായിരിക്കണം' - ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. കാവ്യവിവർത്തനത്തെ സംബന്ധിച്ച 'ലെഫേവേറ'യുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക.

24. സർഗ്ഗാത്മക സാഹിത്യവിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംക്ഷേപിക്കുക.

25. "പോപ്പുലർ സയൻസ് പുസ്തകങ്ങളുടെ വിവർത്തകന് സാങ്കേതിക ശാസ്ത്രഗ്രന്ഥ വിവർത്തകനെ അപേക്ഷിച്ച് കൂടുതൽ സ്വാതന്ത്ര്യമുണ്ട്." - എന്തുകൊണ്ട്?

26. ഭരണഭാഷയുടെ വിവർത്തനത്തിൽ പ്രായോഗികമായി വരാവുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?

27. 'ഡോലെറ്റിന്റെ പഞ്ചതത്ത്വങ്ങൾ' വിവരിക്കുക.

28. 'ആശയരൂപാന്തരണം' (Adaptation) എന്നാലെന്ത്?

29. അർത്ഥാധിഷ്ഠിത വിവർത്തനം എത്രവിധം? ഏതെല്ലാം?

30. മൗലികവിവർത്തനത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് വിവരിക്കുക.

31. ഭാരതീയ ഭാഷകളിൽ നിന്ന് മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട നാല് പ്രമുഖ സാഹിത്യ കൃതികളെ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks)**